# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം നിയമസഭ സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 54 26.9.2011 ലെ മറുപടിയ്ക്ക്

**സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആവശ്യങ്ങൾ**

ചോദ്യം
ശ്രീ.പി. ഉബൈദുള്ള

ഉത്തരം
ബഹു: മുഖ്യമന്ത്രി

| നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| എ) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻ കാരുടേയും നിലവിലുള്ള എണ്ണം വ്യക്തമാക്കാമോ; | ബഡ്ജറ്റ് രേഖകൾ ( Staff Appendix-2011-12) അനുസരിച്ച് സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന സർക്കാർ ജീവനക്കാരുടെ ആകെ എണ്ണം 4,99,563 (നാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി അഞ്ഞൂറ്റി അറുപത്തി മൂന്ന്) ആണ്. കേരള അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് 31.3.2011 ൽ പെൻഷൻകാരുടെ എണ്ണം 4,50,766 (നാല് ലക്ഷത്തി അൻപതിനായിരത്തി എഴുനൂറ്റി അറുപത്തി ആറ്) ആണ്. (സർവ്വീസ് പെൻഷൻകാർ 3,72,308, കുടുംബ പെൻഷൻകാർ 74,705, എക്സ്ഗ്രേഷ്യ പെൻഷൻകാർ 3753 ) |
| ബി) | പെൻഷൻകാരുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; 2012 മാർച്ചിൽ വിരമിക്കുന്നവരുടെ കണക്കുകൾ ലഭ്യമാക്കുമോ ; | പെൻഷൻകാരുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടില്ല. 2012 മാർച്ചിൽ വിരമിക്കുന്നവരുടെ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. |

(മറുപുറം)

<table>
<tr><td rowspan="7">സി)</td><td rowspan="7">റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണ് ശമ്പളത്തിനും പെൻഷനും നീക്കിവെച്ചിരിക്കുന്നത് ; കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ;</td><td colspan="6">സംസ്ഥാനത്തെ റവന്യൂ വരുമാനം, ശമ്പളം , പെൻഷൻ എന്നീ ഇനങ്ങളിലുള്ള ചെലവ് സംബന്ധിച്ച കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ താഴെ പറയും പ്രകാരമാണ് ( തുക കോടിയിൽ)</td></tr>
<tr><td>വർഷം</td><td>റവന്യൂ വരുമാനം</td><td>ശമ്പളം</td><td>പെൻഷൻ</td><td>ആകെ</td><td>ശമ്പളം, പെൻഷൻ എന്നിവയും റവന്യൂ വരുമാനവും തമ്മിലുള്ള അനുപാതം</td></tr>
<tr><td>2006-07</td><td>18186.62</td><td>6585.45</td><td>3294.58</td><td>9880.03</td><td>54.33%</td></tr>
<tr><td>2007-08</td><td>21106.79</td><td>7693.66</td><td>4924.53</td><td>12618.19</td><td>59.78%</td></tr>
<tr><td>2008-09</td><td>24512.18</td><td>9063.81</td><td>4686.43</td><td>13750.24</td><td>56.10%</td></tr>
<tr><td>2009-10</td><td>26109.40</td><td>9800.20</td><td>4705.50</td><td>14505.70</td><td>55.56%</td></tr>
<tr><td>2010-11 (അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ അനുസരിച്ച്)</td><td>30990.44</td><td>11073.66</td><td>5767.49</td><td>16841.15</td><td>54.34%</td></tr>
<tr><td>ഡി)</td><td>സംസ്ഥാനജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;</td><td colspan="6">സംസ്ഥാന ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരണം സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യ-നിയമ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി കൺവീനറായും വ്യവസായ വിവര -സാങ്കേതിക വിദ്യ-നഗരകാര്യ വകുപ്പ് മന്ത്രി, ഊർജ്ജവകുപ്പ് മന്ത്രി, ഭക്ഷ്യ-പൊതു വിതരണ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായും ഒരു മന്ത്രിസഭാ ഉപസമിതി സർക്കാർ ഉത്തരവ് (കൈ.)നം. 347/2011/ധന തീയതി 17.8.2011 പ്രകാരം രൂപീകരിക്കുകയും ഈ സമിതി വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് ടി വിഷയത്തിൽ അഭിപ്രായ സമന്വയത്തിനായുള്ള പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്ത് കഴിഞ്ഞു. രാഷ്ട്രീയ സംഘടനകളും മറ്റുമായുള്ള തുടർ ചർച്ചകളും അനന്തര നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തീരുമാനം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.</td></tr>
<tr><td>ഇ)</td><td>വിരമിക്കൽ തീയതി ഏകീകരണം പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?</td><td colspan="6">സംസ്ഥാന ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരണം സംബന്ധിക്കുന്ന വിഷയത്തിൻ മേലുള്ള സമഗ്രമായ ഒരു തീരുമാനത്തിന്റെ ഭാഗമായി മാത്രമേ ഈ വിഷയത്തിലും ഒരു തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.</td></tr>
</table>

Vijayasree

സെക്ഷൻ ഓഫീസർ